LIBRARY ARCHIVES Kerala Legislative Assembly

അധ്യാപക ബാങ്കിൽനിന്ന് നിയമനം

77 (7044) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ശൂന്യവേതന അവധിയിൽ പോകുന്ന അധ്യാപകർക്കു പകരം ലീവ് വേക്കൻസിയിൽ അധ്യാപകരെ നിയമിക്കേണ്ടത് അധ്യാപക ബാങ്കിൽനിന്ന് വേണമെന്ന് സർക്കുലർ ഇറക്കിയിട്ടുണ്ടോ ;

(ബി) അധ്യാപക ബാങ്കിൽ മതിയായ അധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം നടത്താൻ നിലവിൽ കഴിയുമോ ;

(സി) ഇല്ല എങ്കിൽ പ്രസ്തുത തസ്തികകൾ നികത്താൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1-10-2011-ലെ സ.ഉ.199/11 /പൊ.വിവ ഉത്തരവിന്റെ ഖണ്ഡിക 6 ബി(X) 6 സി(ii) എന്നിവപ്രകാരം അവധി ഒഴിവിൽ അദ്ധ്യാപക ബാങ്കിൽ നിന്നും മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ. കൂടാതെ 25-10-2011-ലെ 60930/ജെ2/11/ പൊവിവ എന്ന വിശദീകരണം പ്രകാരം 1-10-2011-ന് ശേഷമുള്ള അവധി ഒഴിവുകളിൽ അധ്യാപക ബാങ്കിൽ അധ്യാപകർ ലഭ്യമല്ലെങ്കിൽ പ്രസ്തുത നിയമനം ദിവസവേതനാടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു.

(ബി&സി) ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാവുന്നതാണ്.

എസ്.എസ്.എ.യിലെ റിസോഴ്സ് അധ്യാപകരുടെ കരാർ നിയമനം

78 (7045) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർവ്വ ശിക്ഷാഅഭിയാൻ പദ്ധതിയിൽ റിസോഴ്സ് അധ്യാപകരായി കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നവർ ഓരോ വർഷവും കരാർ പുതുക്കാറുണ്ടോ ;

(ബി) 2014-15 വർഷത്തെ കരാർ ഇതുവരെ പുതുക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സംസ്ഥാന സമയബന്ധിത സംയോജിത പദ്ധതിയായ സർവശിക്ഷാ അഭിയാൻ പ്രകാരം, കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം